"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- മെ.വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും **2025-26** സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയ അസംസ്കൃത വസ്തുക്കൾ **2026-27** സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.12/2026/F&WLD തീയതി, തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1) **1/4/2025**-ലെ സ.ഉ(കൈ) നമ്പർ **11/2025/F&WLD** നമ്പർ സർക്കാർ ഉത്തരവ്.

2) മെ.വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടർ **3/1/2026**-ൽ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ **24/1/2026**-ലെ പ്രൊ(4)-**6543/2023** നമ്പർ കത്ത്.

4) **23/1/2026**-ലെ **GO (Rt) 34/2026/FWLD** നമ്പർ സർക്കാർ ഉത്തരവ്.

5) **25/2/2026**-ലെ **G.O(Rt) No.91/2026/F&WLD** നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

വനവിഭവങ്ങളായ (പൾപ്പ് വുഡ്) അക്കേഷ്യ മാഞ്ചിയം മെട്രിക് ടണ്ണിന് **1550/-** (ആയിരത്തി അഞ്ഞൂറ്റി അമ്പത് രൂപ) നിരക്കിലും, അക്കേഷ്യ ഓറിക്കുലിഫോർമിസ് **2000/-** (രണ്ടായിരം രൂപ) ബാധകമായ നികുതികളും എന്ന നിരക്കിലും, മിസലേനിയസ് ഫയർവുഡിന് മെട്രിക് ടണ്ണിന് **1000/-** രൂപ എന്ന നിരക്കിലും, വിദേശ കളയായി വനത്തിനും വന്യജീവികൾക്കും വിനാശകാരിയായ മഞ്ഞക്കൊന്ന (സെന്ന) നീക്കം ചെയ്യുന്നതിനായി, **KPPL**- ന് കൊടുത്ത അതേ വ്യവസ്ഥയുടെയും ഉപാധിയുടെയും അടിസ്ഥാനത്തിൽ, മെട്രിക് ടണ്ണിന് **350/-** രൂപ എന്ന നിരക്കിലും **2025-26** സാമ്പത്തികവർഷത്തിൽ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് ലഭ്യതക്കനുസരിച്ചു പരമാവധി **50000 MT** അനുവദിക്കുന്നതിന് പരാമർശം **1)** പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2) 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് മെ. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും അനുവദിച്ച അസംസ്കൃത വസ്തുക്കൾ വർക്കിംഗ് പ്ലാനുകളുടെ അഭാവവും കരാറുകളിൽ ഏർപ്പെടുവാൻ ഉണ്ടായ കാലതാമസവും കാരണം പരിമിതമായ അളവിൽ മാത്രമേ അനുവദിക്കുന്നതിന് സാധിച്ചിട്ടുള്ളു എന്നതിനാൽ പ്രസ്തുത അസംസ്കൃത വസ്തുക്കൾ 2026-27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിച്ച് നൽകണമെന്ന് പരാമർശം 2) പ്രകാരം വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

3) വർക്കിംഗ് പ്ലാനുകൾ നിലവിൽ ഇല്ലാത്തതിനാലും കരാറിൽ ഏർപ്പെടാൻ ഉണ്ടായ കാലതാമസവും മൂലം 2025-26-ൽ പരിമിതമായ അളവിൽ മാത്രമേ അസംസ്കൃത വസ്തുക്കൾ അനുവദിക്കാനാകൂ എന്നും വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ഘട്ടത്തിലാണെന്നും 2026-27-ൽ എല്ലാ വർക്കിംഗ് പ്ലാനുകളും പ്രാബല്യത്തിലാകുമെന്നതിനാൽ കൂടുതൽ അസംസ്കൃത വസ്തുക്കൾ അനുവദിക്കാൻ കഴിയുമെന്നും ഇതിനനുസരിച്ച്, നിബന്ധനകൾക്ക് വിധേയമായി 2026-27 സാമ്പത്തിക വർഷത്തേക്കുള്ള അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നതിനായി വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡ് നൽകിയ അപേക്ഷ തത്വത്തിൽ അംഗീകരിക്കാമെന്നും പരാമർശം 3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ് ) ശുപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം മെ. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും 2025–26 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുവാൻ അനുമതി നൽകിയ അതേ അസംസ്കൃത വസ്തുക്കൾ അതേ അളവിലും അതേ നിരക്കിലും, നിബന്ധനകളോടും കൂടി നിലവിൽ അംഗീകരിച്ചു നൽകിയ പ്രകാരമുള്ള കരാറിൽ ഏർപ്പെട്ടു കൊണ്ട് 2026–27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ്, ബല്യപട്ടം, കണ്ണൂർ.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെൻ്റ്) ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) വൈൽഡ് ലൈഫ് വാർഡൻ, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം.

പൊതുഭരണ (SC) വകുപ്പ് (02.03.2026- ലെ ഇനം നമ്പർ 3776 പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ramjan P A
Date: 12-03-2026 14:51:52
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-03-2026

ഫയൽ നം. ബി2/4/2026/വനം. ഇനം നം: 3776

വിഷയം : വനം-വന്യജീവി വകുപ്പ് - വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും 2025-2026 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിച്ച അസംസ്കൃത വസ്തുക്കൾ 2026-27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

A)(FRW1)

4/3/26

3776

| കേരള സർക്കാർ<br>(പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | ബി2/4/2026/വനം |
| 2. | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3. | വിഷയം | വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും 2025-2026 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിച്ച അസംസ്കൃത വസ്തുക്കൾ 2026-27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/02/2026 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ | ഇല്ല |
| 6. | മറ്റേതങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.പ്രമോദ്.വി.ആർ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.മിൻഹാജ് ആലം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/02/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ.ശശീന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26/02/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മന്ത്രിസഭായോഗ തീരുമാനപ്രകാരം 01-04-2025 നു പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2025/F&WLD പ്രകാരം വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും 2025-26 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച അസംസ്കൃത വസ്തുക്കൾ 2026–27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിഷയമാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2) വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട്, 26-3-2025-ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം നമ്പർ 2782 പ്രകാരം പുറപ്പെടുവിച്ച 01-04-2025 ലെ സ.ഉ.(കൈ) നം.11/2025/F&WLD അനുസരിച്ചു 2025–26 സാമ്പത്തിക വർഷത്തേയ്ക്ക് വനം വകുപ്പിൽ നിന്നും അനുവദിച്ച അസംസ്കൃത വസ്തുക്കൾ വർക്കിംഗ് പ്ലാനുകളുടെ അഭാവവും കരാറുകളിൽ ഏർപ്പെടുവാൻ ഉണ്ടായ കാലതാമസവും കാരണം ഈ സാമ്പത്തിക വർഷം പരിമിതമായ അളവിൽ മാത്രമേ അനുവദിക്കുന്നതിന് സാധിച്ചിട്ടുള്ളു എന്നതിനാൽ പ്രസ്തുത അസംസ്കൃത വസ്തുക്കൾ 2026–27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിക്കുന്നത് പരിഗണിക്കുവാൻ വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർഥിച്ചിട്ടുണ്ട്.

3) മെ. വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് (M/s.WIPL) ലഭ്യതക്കനുസരിച്ച് പ്രതിവർഷം പരമാവധി 50,000 മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ അതാത് സമയം പുതുക്കുന്ന വർക്കിംഗ് പ്ലാൻ പ്രകാരം ലഭ്യതക്കനുസരിച്ച് വനവിഭവങ്ങളായ(പൾപ്പ് വുഡ്) അക്വേഷ്യ മാഞ്ചിയം മെട്രിക് ടണ്ണിന് 1550/-(ആയിരത്തി അഞ്ഞൂറ്റി അമ്പത് രൂപ) നിരക്കിലും, അക്വേഷ്യ ഓറിക്കുലിഫോർമിസ് 2000/- (രണ്ടായിരം രൂപ) ബാധകമായ നികുതികളും എന്ന നിരക്കിലും, മിസലേനിയസ് ഫയർവുഡിന് മെട്രിക് ടണ്ണിന് 1000/- രൂപ എന്ന നിരക്കിലും, വിദേശ കളയായി വനത്തിനും വന്യജീവികൾക്കും വിനാശകാരിയായ മഞ്ഞക്കൊന്ന (സെന്ന) നീക്കം ചെയ്യുന്നതിനായി, KPPL- ന് കൊടുത്ത അതേ വ്യവസ്ഥയുടെയും ഉപാധിയുടെയും അടിസ്ഥാനത്തിൽ, മെട്രിക്

ടണ്ണിന് 350/- രൂപ എന്ന നിരക്കിലും 2025-26 സാമ്പത്തിക വർഷത്തിൽ WIPL-ന് അനുവദിക്കുന്നതിന് അനുമതി നൽകിയാണ് 01-04-2025 ലെ സ.ഉ.(കൈ)നം.11/2025/F&WLD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിനെ തുടർന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മന്റ്) മെ. വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് യുമായി (M/s.WIPL) കരാറിൽ ഏർപ്പെടുന്നതിനുള്ള കരട് agreement സമർപ്പിക്കുകയും പരിശോധിക്കുകയും ആയതു പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ അംഗീകരിച്ചു കൊണ്ട് 23/1/2026-ലെ GO (Rt) 34/2026/FWLD, 25/2/2026-ലെ G.O(Rt) No.91/2026/F&WLD എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) 01-04-2025 ലെ സ.ഉ.(കൈ)നം.11/2025/F&WLD പ്രകാരം അനുവദിച്ച അസംസ്കൃത വസ്തുക്കൾ തുടർന്ന് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കും (2026-2027) അനുവദിച്ച് നൽകണം എന്ന് വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) നൽകിയ റിപ്പോർട്ട് പ്രകാരം ബന്ധപ്പെട്ട ഡിവിഷനുകളിൽ വർക്കിംഗ് പ്ലാനുകൾ നിലവിൽ ഇല്ലാത്തതിനാലും കരാർ നിലവിൽ ആവാൻ ഉണ്ടായ കാലതാമസവും മൂലം 2025−26-ൽ പരിമിതമായ അളവിൽ മാത്രമേ അസംസ്കൃത വസ്തുക്കൾ അനുവദിക്കാനാകൂ എന്നും വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ഘട്ടത്തിലാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ 2026−27 ൽ എല്ലാ വർക്കിംഗ് പ്ലാനുകളും പ്രാബല്യത്തിലാകുമെന്നതിനാൽ കൂടുതൽ അസംസ്കൃത വസ്തുക്കൾ അനുവദിക്കാൻ കഴിയുമെന്നും ഇതിനനുസരിച്ച്, നിബന്ധനകൾക്ക് വിധേയമായി 2026−27 സാമ്പത്തിക വർഷത്തേക്കുള്ള അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നതിനായി വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡ് നൽകിയ അപേക്ഷ തത്വത്തിൽ അംഗീകരിക്കാമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, പിസിസിഎഫ് ശിപാർശ ചെയ്തതു പ്രകാരം അംഗീകൃത വർക്കിംഗ് പ്ലാനുകളും, അംഗീകൃത കരാറുകൾ നടപ്പിലാക്കുന്നതിന്റെയും ഭാഗമായി നിബന്ധനകൾക്ക് വിധേയമായി

M/s.WIPL -ന്, 2026–27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി 01/04/2025-ലെ GO(MS)11/2025/FWLD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തോടു കൂടി മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പ് മന്ത്രി മുഖേന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട്, മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 01-04-2025-ലെ സ.ഉ.(കൈ) നം.11/2025/F&WLD പ്രകാരം (അനുബന്ധം) 2025–26 സാമ്പത്തിക വർഷത്തേയ്ക്ക് വനം വകുപ്പിൽ നിന്നും മെ. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡിന് അനുവദിക്കുവാൻ അനുമതി നൽകിയ അസംസ്കൃത വസ്തുക്കൾ ഇതുവരെ കമ്പനിയ്ക്ക് നൽകാൻ സാധിച്ചിട്ടില്ല എന്നതിനാൽ അതേ അളവിലും അതേ നിരക്കിലും നിബന്ധനകളോടും കൂടി നിലവിൽ അംഗീകരിച്ചു നൽകിയിട്ടുള്ള പ്രകാരമുള്ള കരാറിൽ ഏർപ്പെട്ടു കൊണ്ട് 2026–27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അതേ അസംസ്കൃത വസ്തുക്കൾ അനുവദിച്ച് നൽകാമോ?